# മദ്ഹബുകളെ തക്‌ലീദ് ചെയ്യൽ

കെ.പി. മുഹമ്മദ് ബിൻ അഹ്മദ്
എ.പി. അബ്ദുൽ ഖാദിർ മൗലവി

മുസ്‌ലിം സമൂഹത്തെ വിശുദ്ധ ഖുർആനിൽ നിന്ന് അകറ്റി നിർത്തുന്നതിൽ മദ്ഹബുകളെ തക്‌ലീദ് ചെയ്യുകയെന്ന സമ്പ്രദായം വഹിച്ച പങ്ക് ചില്ലറയൊന്നുമല്ല. വ്യക്തികളെ തക്‌ലീദ് ചെയ്യുന്നതിൽ നിന്നാരംഭിച്ച ഈ സമ്പ്രദായം ക്രമേണ ഒരു പണ്ഡിത ഗ്രൂപ്പിനെ തക്‌ലീദ് ചെയ്യുന്നതിലും പിന്നീട് സമൂഹത്തെ തക്‌ലീദ് ചെയ്യുന്നതിലും എത്തിപ്പെട്ടു. ഇപ്പോൾ ഈ മൂന്ന് സമ്പ്രദായവും കൂടിക്കുഴഞ്ഞ് കിടക്കുന്നു; മദ്ഹബ് തക്‌ലീദിൽ. തക്‌ലീദിലെ വിപുലവും വ്യാപകവുമായ മേഖലയാകുന്നു ഇത്.

സുന്നീ, ശീഈ എന്നീ രണ്ട് വിഭാഗങ്ങളായി മുസ്‌ലിംകൾ ആദ്യം പിളർന്നു. തുടക്കത്തിൽ രാഷ്ട്രീയമായി ഉത്ഭവിച്ച പിളർപ്പ് പിന്നീട് വിശ്വാസ കർമ്മ മേഖലകളിലേക്കുകൂടി വ്യാപിക്കുകയും പിളർപ്പ് പൂർത്തിയാവുകയും ചെയ്തു. ലോക മുസ്‌ലിം ജനസംഖ്യയിൽ 6.4 ശതമാനം ശിആക്കളാണെന്ന് കണക്കാക്കപ്പെടുന്നു.[1] ബാക്കിവരുന്ന മഹാഭൂരിഭാഗം സുന്നീ വിഭാഗമാണ്. തക്‌ലീദിന്റെ കാര്യത്തിൽ ഈ രണ്ട് വിഭാഗവും ഒരു പോലെത്തന്നെ വിശ്വാസകാര്യങ്ങളിലായാലും അനുഷ്ഠാനവിഷയങ്ങളിലായാലും ഏതെങ്കിലും ഒരു മദ്ഹബിനെ തക്‌ലീദ് ചെയ്യുന്നവരാണ് ഇവരിൽ അധികപേരും ശീആക്കളിൽ ജഅ്ഫരീ, സൈദീ തുടങ്ങി നിരവധി മദ്ഹബുകളുണ്ട്.

ഭൂരിപക്ഷ വിഭാഗമായ സുന്നികളും നിരവധി മദ്ഹബുകളിലായി വിഭജിക്കപ്പെട്ടു കിടക്കുന്നു. വിശ്വാസ കാര്യങ്ങളിൽ അശ്അരീ, മാതുരീദി എന്നിവയും കർമകാര്യങ്ങളിൽ ഹനഫീ, മാലികീ, ശാഫിഈ, ഹമ്പലി എന്നിവയുമാണ് ഏറ്റവും പ്രചാരമുള്ള മദ്ഹബുകൾ ഇവയിൽ വിശ്വാസ കാര്യങ്ങളിലെ വിഭാഗങ്ങൾ ത്വരീഖത്തുകൾ എന്ന പേരിലും ഫിഖ്ഹീ വിഭാഗങ്ങൾ മദ്ഹബുകൾ എന്ന പേരിലും അറിയപ്പെടുന്നു.

ഒരാൾ ഒരു മദ്ഹബ് സ്വീകരിക്കുന്നു. അല്ലെങ്കിൽ ഒരു മദ്ഹബ് അംഗീകരിച്ച കുടുംബത്തിൽ ജനിക്കുന്നു. പിന്നെ അയാൾ ഇസ്‌ലാമികമായി ഏത് വിഷയത്തിലും പ്രമാണമായി സ്വീകരിക്കുന്നത് പ്രസ്തുത മദ്ഹബിലെ അഭിപ്രായങ്ങൾ മാത്രമാണ്. അതിന്റെ ഫലമായി ഇസ്‌ലാമികാശയങ്ങളും വിധിവിലക്കുകളും മനസ്സിലാകുവാൻ - അത് വിശ്വാസകാര്യത്തിലായാലും കർമകാര്യത്തിലായാലും - പരിശുദ്ധ ഖുർആനും തിരുസുന്നത്തും പരിശോധിക്കുക എന്ന സമ്പ്രദായം തന്നെ എടുത്തുപോയി.

ഒരാൾ ഒരു മദ്ഹബ് സ്വീകരിക്കുന്നു. അല്ലെങ്കിൽ ഒരു മദ്ഹബ് അംഗീകരിച്ച കുടുംബത്തിൽ ജനിക്കുന്നു. പിന്നെ അയാൾ ഇസ്‌ലാമികമായി ഏത് വിഷയത്തിലും പ്രമാണമായി സ്വീകരിക്കുന്നത് പ്രസ്തുത മദ്ഹബിലെ അഭിപ്രായങ്ങൾ മാത്രമാണ്. അതിന്റെ ഫലമായി ഇസ്‌ലാമികാശയങ്ങളും വിധിവിലക്കുകളും മനസ്സിലാകുവാൻ - അത് വിശ്വാസകാര്യത്തിലായാലും കർമകാര്യത്തിലായാലും - പരിശുദ്ധ ഖുർആനും തിരുസുന്നത്തും പരിശോധിക്കുക എന്ന സമ്പ്രദായം തന്നെ എടുത്തുപോയി.

ഇത് അപകടകരമാണെന്ന് പറയേണ്ടതില്ലല്ലോ. മദ്ഹബിനെ തക്‌ലീദ് ചെയ്യുകയെന്ന് പറഞ്ഞാൽ ഒരു വ്യക്തിയെയോ ഒരു പണ്ഡിതവൃന്ദത്തെയോ ഒരു സമൂഹത്തെയോ തക്‌ലീദ് ചെയ്യലാണെന്ന് നേരത്തെ സൂചിപ്പിച്ചു. അതിനർത്ഥം ആ കേന്ദ്രങ്ങൾക്ക് മതനിയമം നിർമിക്കാൻ അധികാരമുണ്ടെന്നോ ആ കേന്ദ്രത്തിന്റെ അഭിപ്രായം മതപ്രമാണമാണെന്നോ സമ്മതിക്കുന്നതിന് തുല്യമാണ്. രണ്ടും അപകടകരംതന്നെ മദ്ഹബിന്റെ ഇമാമിനോ അദ്ദേഹത്തിന്റെ ശിഷ്യന്മാരായ പണ്ഡിതന്മാർക്കോ ആ മദ്ഹബിന്റെ ആളുകളായി ജീവിക്കുന്ന സമൂഹത്തിനോ മതനിയമം നിർമ്മിക്കാനുള്ള

[1] അൽആലമുൽ ഇസ്‌ലാമി, മഹ്മൂദ് ശാകിർ 1983, പേജ്- 61

അധികാരമുണ്ടെന്നോ ആ അഭിപ്രായങ്ങൾ മാത്രമാണ് ശരിയെന്നോ, ആരും പറയുകയില്ല. പറഞ്ഞാൽതന്നെ അത് സ്വീകാര്യവുമല്ല. അല്ലാഹു പറയുന്നു.

﴿ أَمْ لَهُمْ شُرَكَٰٓؤُاْ شَرَعُواْ لَهُم مِّنَ ٱلدِّينِ مَا لَمْ يَأْذَنۢ بِهِ ٱللَّهُۚ وَلَوْلَا كَلِمَةُ ٱلْفَصْلِ لَقُضِىَ بَيْنَهُمْۗ وَإِنَّ ٱلظَّٰلِمِينَ لَهُمْ عَذَابٌ أَلِيمٌ ﴿٢١﴾ تَرَى ٱلظَّٰلِمِينَ مُشْفِقِينَ مِمَّا كَسَبُواْ وَهُوَ وَاقِعٌۢ بِهِمْۗ ﴾ الشورى: ٢١ – ٢٢

"അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചുകൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? നിർണായക വിധിയെപറ്റിയുള്ള കല്പന നിലവിലില്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ ഉടനെ വിധി കല്പിക്കപ്പെടുമായിരുന്നു. അക്രമികൾക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്. പരലോകത്തുവെച്ച് ആ അക്രമകാരികളെ തങ്ങൾ സമ്പാദിച്ചുവെച്ചതിനെപറ്റി ഭയ ചകിതരായി നിനക്കുകാണാം. അത് (സമ്പാദിച്ചുവെച്ചതിനുള്ള ശിക്ഷ) അവരിൽ വന്നുഭവിക്കുക തന്നെ ചെയ്യും". (42/21,22)

ക്വുർആൻ, സുന്നത്ത്, ഇജ്മാഅ്, ക്വിയാസ് എന്നിവ മാത്രമാണല്ലോ പ്രമാണങ്ങൾ. ഏറ്റവും ചുരുങ്ങിയത് ഈ പണ്ഡിതന്മാരോ സമൂഹമോ معصوم–കൾ (തെറ്റുപറ്റാത്തവർ) ആണെങ്കിൽ നമുക്കവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാമായിരുന്നു. കാരണം അങ്ങനെ വരുമ്പോൾ അവർ പറയുന്നതെല്ലാം സത്യത്തിനനുഗുണമായേ വരൂ എന്നുവെക്കാമല്ലോ. പക്ഷേ, അഹ്ലുസുന്നത്തിന്റെ അഭിപ്രായ പ്രകാരം നബി(ﷺ)ക്ക് ശേഷം മഅ്സ്വൂമുകളായി ആരും തന്നെയില്ലല്ലോ. അപ്പോൾ ഇവർ പറയുന്നതൊക്കെ സത്യമേ ആകൂ എന്ന നിലക്ക് അവരുടെ അഭിപ്രായങ്ങൾ തെളിവ് കൂടാതെ സ്വീകരിക്കാൻ പറ്റില്ലെന്ന് തീർച്ച.

ചുരുക്കത്തിൽ മദ്ഹബുകളെ തക്‌ലീദ് ചെയ്യലും ഇസ്‌ലാം നിരോധിച്ച തക്‌ലീദിന്റെ ഭാഗംതന്നെ.

(അവലംബം: തക്‌ലീദ് ഒരു പഠനം)